# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR(P-16)1185/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR(P-16)1185/2022. തീയ്യതി: 29/07/2022

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പി പത്മജ | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 21-12-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീ ഷെയ്ക്ക് അബ്ദുൾ കാദർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ എം ഷെരീഫ് | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ജമീല എം എം | സെക്രട്ടറി - ഇൻ - ചാർജ് | 06-03-2021 | 19-03-2021 |
| പുഷ്പലത എം സി | സെക്രട്ടറി - ഇൻ - ചാർജ് | 20-03-2020 | 31-03-2021 |
| പുഷ്പലത എം സി | അസി.സെക്രട്ടറി (ഇൻ ചാർജ്) | 01-04-2020 | 21-06-2020 |
| ജമീല എം എം | അസി.സെക്രട്ടറി | 22-06-2020 | 19-03-2021 |
| പുഷ്പലത എം സി | അസി.സെക്രട്ടറി (ഇൻ ചാർജ്) | 20-03-2021 | 31-03-2021 |
| അജി കെ എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| അജയകുമാർ പി കെ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സുരേഷ് എ വി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 25-01-2021 |
| ഡോ.ലത വി | മെഡിക്കൽ ഓഫീസർ പിഎച്ച്സി | 26-01-2021 | 31-03-2021 |
| ഡോ.നീതു പ്രേം പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ഉഷ സലൂജ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾ ഷക്കൂർ പി | വെറ്ററിനറി സർജൻ | 01-04-2020 | 14-02-2021 |
| ഡോ.ബിനോദ് ബി | വെറ്ററിനറി സർജൻ | 15-02-2021 | 31-03-2021 |
| വൽസല സി എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| രഞ്ജിത്ത് റാഫേൽ | വി ഇ ഒ നെട്ടൂമ്പുര സർക്കിൾ | 01-04-2020 | 02-06-2020 |
| ജ്യോതി എൻ എൻ | വി ഇ ഒ നെട്ടൂമ്പുര സർക്കിൾ | 03-06-2020 | 31-03-2021 |
| രഞ്ജിത്ത് റാഫേൽ | വി ഇ ഒ ചെറുതുരുത്തി സർക്കിൾ | 01-04-2020 | 02-06-2020 |
| രമ്യ കെ | വി ഇ ഒ ചെറുതുരുത്തി സർക്കിൾ | 03-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| വസുമതി കെ ബി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സുരേഷ് കുമാർ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 09-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 10-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-1 |
| 12 | വസ്തു നികുതി -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-07-2022) | 1-10-2 |
| 13 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-3 |
| 14 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-4 |
| 15 | ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-5 |
| 16 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-6 |
| 17 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-7 |

| | | |
|---|---|---|
| | Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-8 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 26-07-2022) | 1-10-9 |
| 20 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-10 |
| 21 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുളള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-11 |
| 22 | ബാങ്ക് അക്കൌണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-12 |
| 23 | റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-13 |
| 24 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുക ചെലവായി ഉൾപ്പെടുത്തിയില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-14 |
| 25 | സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-15 |
| 26 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-10-16 |
| 27 | വില്ലേജിൽ നിന്നുളള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-11 |
| 28 | കവറേജ് അധികമായ കെട്ടിടത്തിന് പെർമിറ്റ് നൽകി കെട്ടിടനമ്പർ അനുവദിച്ചു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-12 |
| 29 | ഒക്യുപ്പൻസി മാറ്റാതെ വാണിജ്യ കെട്ടിടത്തിൽ(ഗ്രൂപ്പ് എഫ്) ഓഡിറ്റോറിയം(ഗ്രൂപ്പ് ഡി) പ്രവർത്തിച്ചു വരുന്നു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-13 |

| | | |
|---|---|---|
| 30 | District Town Planner-ടെ Lay Out Approval ഇല്ലാതെ ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-14 |
| 31 | വസ്തുനികുതിയിൽ റോഡിന്റെ വീതിയ്ക്ക് അനുസരിച്ച് വർദ്ധനവ് വരുത്തുന്നില്ല<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Joyson (Auditor, On 27-07-2022) | 1-15 |
| 32 | കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകുന്നു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-16 |
| 33 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കി വരുന്നു<br>Written By: Joyson (Auditor, On 15-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-17 |
| 34 | ഗ്രാമപഞ്ചായത്തിൽ നടക്കുന്ന സിവിൽ രജിസ്ട്രേഷനുകളുടെ ഫീ അക്കൗണ്ടിൽ വരുന്നില്ല<br>Written By: Joyson (Auditor, On 16-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-18 |
| 35 | ദുരിതാശ്വാസനിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: P.G.Sadanandan (Audit Officer, On 17-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-19 |
| 36 | പൊതുമരാമത്ത് പണി നടത്തിപ്പിലേയും രേഖകൾ സൂക്ഷിക്കുന്നതിലേയും അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-20 |
| 37 | ജി എൽ പി എസ് ക്ലാസ്സ് റൂം നിർമ്മാണം - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-21 |
| 38 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-22 |
| 39 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-23 |
| 40 | ബാങ്ക് അക്കൌണ്ട് - ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-24 |
| 41 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-25 |
| 42 | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് ചെറുതുരുത്തി നടപ്പിലാക്കിയ പ്രോജക്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ -ചെലവു രേഖകൾ ഹാജരാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-26 |
| 43 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 14-07-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | |
| 44 | തൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാർക്ക് ഒരേ സാമ്പത്തികവർഷത്തിൽ 2 പ്രാവശ്യം ലീവ് സറണ്ടർ അനുവദിച്ചു<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: P.G.Sadanandan (Audit Officer, On 14-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.G.Sadanandan (Audit Officer, On 10-07-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 26-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 13.03.2020 | 2(1) | 172005600 | 173243812 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1(1) | 165537287 | 167267661 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 9.8.21 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 53,33,567.30 |
| വരവ് | 8,93,37,295.00 |
| ആകെ | 9,46,70,862.30 |
| ചെലവ് | 8,66,38,600.00 |
| നീക്കിയിരിപ്പ് | 8,032,262.30 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എസിആർ പ്രകാരം) | 0 | 10454971 | 10454971 | 10449616 | 5355 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 6010862 | 6010862 | 5366840 | 644022 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 15511000 | 15511000 | 15467967 | 43033 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 3811061 | 3811061 | 3257924 | 553137 |
| സെൻട്രൽ | 0 | 12122395 | 12122395 | 7688747 | 4433648 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 5240000 | 5240000 | 2046601 | 3193399 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 249 | 134873300 | 151 | 64799138 | 11 | 87 | 48% |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| ക്ഷേമപെൻഷനുകളുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2040 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 4503100 | 1405 |
| വിധവാ പെൻഷൻ | 26508200 | 8009 |
| വാർദ്ധക്യകാല പെൻഷൻ | 30854400 | 9515 |
| വികലാംഗ പെൻഷൻ | 6620000 | 2011 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1961000 | 605 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 617831 | 1637044 | 2254875 | 2253994 | 881 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42925179 | 42925179 | 42925179 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2022 തീയതിയിൽ 3.15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4058/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുള്ളതാണ്, ആയതിന് മറുപടിഅറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.22/13.07.2022)

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

1-10-2-1 വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1-10-2-2 റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2463096 | 24,41,795 | 19667 | 10125 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 23,75,748 | 24,23,458 | 19667 | *10125 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(10638/105X100) =10131 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ ₹18,337 കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-2-3 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,96,098 | 22,20,004 | 11,425 | 72,806 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,21,919 | 21,45,437 | 11,425 | *72,806 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(76450 /105X100)=72809 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ ₹74567 കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/20 ലെ മുൻബാക്കി 10565 മാത്രമായിരിക്കേ Prior Period Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 2831 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

1-10-2-4 വസ്തു നികുതി -റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 57,402 | 51,226 | 6,328 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *61369 | 56,282 | **6328 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6665 X |

| | | | |
|---|---|---|---|
| | (63811+626=64437/105*100) | ആർ.പി-45) | 100/105)=6348<br>ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ്,കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 214രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-2-5 <u>വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല</u>

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 194159 | 118434 | 75865 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 194340 | 113610 | **75865 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(165877+38180.=204057/105*100) =194340 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(79670/105X100)=75876, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്,കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 42 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-2-6 <u>ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല</u>

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 125450 | 3090 | 128540 | 124169 | 2606 | 126775 | 1140 | | 513 | 337 | 827 |
| | നോൺ-റെസിഡൻഷ്യൽ | 119997 | 9898 | 129895 | 111613 | 5953 | 117566 | 1777 | | 3805 | 3644 | 7454 |
| | ആകെ | | | 258435 | | | 244341 | 2917 | | 8281 | | |
| =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | 324616 | | | 243614 | | | | 315945 | 8671 | | |
| | | | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾആർ.പി-35(വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 727 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 243614 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 244341 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 315945 രൂപയാണ്.

1-10-2-7 . വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 66615 | 571921 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 1971 | 35199 |

1-10-2-8 .വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല .

1/4/2020ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി

ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21വർഷത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 1007 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണയായി 22/09/20 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-2-9 വസ്തു നികുതി മുൻകൂർ - തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 5819 | 19667 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 10565 | 11425 |

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000704 | 16/3/21 | 2831 |

## 1-10-3 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

1.10.3.1 ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത്

ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

3.2 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ

| ഇനം | ഡിമാന്റ് ( I&E പത്രിക I-1 | കളക്ഷൻ (R&P പത്രിക RP-45) | മുൻകൂർ ക്രമീകരിച്ചത്- അഡ്വാൻസ് ലെഡ്ജർ പ്രകാരം | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 584730 | 243620 | 2500 | - | ഇല്ല |
| മുറി വാടക | 21,02,608 | 1692898 | 122692 | - | ഇല്ല |

1.10.3.3 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | 1868740 | 1745969 | 1868740 |

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ഡിമാന്റ് തുകയും റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവു തമ്മിൽ ₹122771യുടെ വ്യത്യാസമുള്ളതാണ് എന്നാൽ ഇവ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-10-4 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories,Traders,Enterprenuers And Other Services | 105300 |

| | | | |
|---|---|---|---|
| 2. | വാടക | 350410401- Advance Collection Of Revenues-Rent From Buildings | 6000 |
| 3 | തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 350410102 - Advance Collection Of Revenues – Profession Tax -Institutions, Professionals, Traders | 162570 |
| 4 | പരസ്യ നികുതി | 350410103 - Advance Collection Of Revenues - Advertisement Tax | 50,000 |

## 1-10-5 ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-6 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income, "190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | (-) 24490 |
| 190100102-Prior Period Income- Profession Tax Institution/ Professionals/ Traders | 27500 |
| 190200101-Prior Period Income- Rent From Building | 250 |
| 190200401-Prior Period Income- Other Incomes | 697038 |
| 290600401-Prior Period Expenses- Remittance Of Unutilised Grants To Government | 85677 |

## 1-10-7 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-9 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2698695 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)7597931 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-10 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-10-11 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കാഷ്ബുക്ക്/വരവ് ചെലവ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ഷെഡ്യൂൾ I-6 പ്രകാരം ആകെ വരവ് ₹27360330യും, I-14(c)) പ്രകാരം റവന്യൂ ചെലവ് 1453316 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 4,42,87,000 രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമ്മിക്കുന്നതിനുള്ള 1,75,79,000 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

ആകെ ചെലവ് തുകയായ 4,42,87,000 ൽ നിന്നും ആസ്തികൾ നിർമ്മിക്കുന്നതിനുള്ള 1,75,79,000 രൂപ കുറവ് ചെയ്ത് ബാക്കി റവന്യൂ ചെലവായ 2,67,08,000 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. എന്നാൽ ഷെഡ്യൂൾ I-6 പ്രകാരം ആകെ വരവ്₹27360330യും, I-14(c)) പ്രകാരം റവന്യൂ ചെലവ് 1453316 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 1,75,79,000 രൂപയുടെ ആസ്തികൾ ഗ്രാമപഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതുമാണ്. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-12 ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/3/2021 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 450210101- Nationalised Bank Account Of Own Revenue Fund | രേഖപ്പെടുത്തിയിട്ടില്ല | 1,90,298 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-B-17ൽ രേഖപ്പെടുത്തിയിരിക്കുന്ന മേൽ അക്കൗണ്ട് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതാണെന്നാണ് അക്കൗണ്ടന്റ് അറിയിച്ചത്. ഇതു സംബന്ധിച്ച പരാതി IKMനെ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ ആയതിൽ നടപടി ഉണ്ടായിട്ടില്ലെന്നുമാണ് അക്കൗണ്ടന്റ് അറിയിച്ചത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-13 റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ശീർഷകം:450210104- Thalappilly Sub Treasury, Account No.799013000000238-ലെ 31.03.2021 ബാങ്ക് ബുക്ക്

ബാലൻസ് ₹10,00,000 യാണ് ഈ തുക തന്നെയാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-B-17 ലും റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ-RP-40(b) എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ILGMSൽ കൊടുത്തിരിക്കുന്ന റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2021-ലെ ബാങ്ക് ബുക്ക് ബാലൻസ് ₹10,10,600 എന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റീ കൺസീലിയേഷൻ വിവരങ്ങളിൽ 28.11.20ന് 'Cheque Deposited But Not Cleared' എന്ന വിവരണത്തിൽ ₹ 10,600/- രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം വരുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-10-14 സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുക ചെലവായി ഉൾപ്പെടുത്തിയില്ല.

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 38939/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-10-15 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 21/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 22/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി.സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

### 1-10-15-1 Opening Balance Sheet

31/3/20 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

### 1-10-15-2 പുതിയ സോഫ്റ്റ്‌വെയറിലേക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 22/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 22/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 21/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

#### 1-10-15-2-1. Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്ത തുകകളിലെ വ്യത്യാസം താഴെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 22/9/20ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള പ്രകാരമുള്ളശീർഷകം | ILGMS ലെ 22/9/20 ലെ മുന്നിരിപ്പ് |
|---|---|---|---|
| 160100402 | 854756 | 160100402 | 543063 |

#### 1-10-15-2-2 I ncome And Expenditure Account

1) നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസം താഴെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 22/9/20ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള പ്രകാരമുള്ളശീർഷകം | ILGMS ലെ 22/9/20 ലെ മുന്നിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 160100402 | 854756 | 160100402 | 543063 |

2) ILGMS പ്രകാരം 250102012 Irrigation Others Maintenance Of Canal എന്ന ശീർഷകത്തിൽ ₹79935 രേഖപ്പെടുത്തിയിട്ടുണ്ട്, ആയതിന് സമാനമായ രേഖപ്പെടുത്തൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

3) ILGMS പ്രകാരം 140130117 Fee For Issue Of Certificate Under Common Marriage Rule എന്ന ശീർഷകത്തിൽ ₹1320 രേഖപ്പെടുത്തിയിട്ടുണ്ട്, ആയതിന് സമാനമായ രേഖപ്പെടുത്തൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

1-10-15-2-3 Balance Sheet

ILGMS ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത് )രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (22/9/20) Receipt,Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ശീർഷകം/ ഷെഡ്യൂൾ | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 20/9/20ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം ശീർഷകം/ ഷെഡ്യൂൾ | ILGMS ലെ 21/9/20 ലെ മുന്നിരിപ്പ് |
|---|---|---|---|
| 310100101-Panchayat Fund | 3560113.30 | 310100101-Panchayat Fund | 17608363.3 |
| 310900101-Excess Of Income Over Expenditure | (-)28582514.90 | 310900101-Excess Of Income Over Expenditure | (-)34986109 |
| ഷെഡ്യൂൾ B3-Reserves - 312100101 Capital Contribution | 93972545 | ഷെഡ്യൂൾ B3-Reserves | 100846346 |
| ഷെഡ്യൂൾ B4-Grants And Contributions For Specific Purposes | 9968112 | ഷെഡ്യൂൾ B4-Grants,Funds And Contributions For Specific Purposes | 5275132 |
| ഷെഡ്യൂൾ B7-Deposits Received | 3123161 | ഷെഡ്യൂൾ B7-Deposits Received | 2892971 |
| ഷെഡ്യൂൾ B9-Other Liabilites | 399988 | ഷെഡ്യൂൾ B9-Other Liabilites | 1975490 |
| ഷെഡ്യൂൾ B11-Fixed Assets | 97651685 | ഷെഡ്യൂൾ B-11, B-11 ,(C),(d),(a) | 107821546 |
| ഷെഡ്യൂൾ B11-(a) Capital Work-in-Progress | 2055240 | ഷെഡ്യൂൾ B11-(b) Capital Work-in-Progress | 0 |

| | | | |
|---|---|---|---|
| ഷെഡ്യൂൾ B15-Sundry Debtors | 5694731 | ഷെഡ്യൂൾ B15-Sundry Debtors | 5852379 |
| ഷെഡ്യൂൾ B18-Loans Advances And Deposits | 3206090 | ഷെഡ്യൂൾ B18-Loans Advances And Deposits | 31,591 |

## 1-10-16 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 17,94,97,477 |
| ആകെ ചെലവ് (B) | | 18,40,51,501 |
| മിച്ചം തുക C= A-B | | (-)45,54,024 |
| Prior Period Income | 7,00,298 | |
| Prior Period Expenditure | 85,667 | |
| Net Difference Between Prior Period Income And Expenses ( D ) | | 6,14,631 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | (-)39,39,393 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)45,54,024 ൽ നിന്നും 6,14,631 കുറച്ചപ്പോൾ ലഭിച്ച (-)5168655 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

| | |
|---|---|
| 31/3/21ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 46790696.9 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | (-)39,39,393 |
| 31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 42851303.9 |
| 31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് | (-)50730089 |

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-11 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/തസ്വഭവ തീയതി 9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതെന്ന് കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 5/74A | 173.10 ച.മീ | താമസം |
| 2 | 15/277A,B | 192.78 ച.മീ | താമസം |
| 3 | 6/291B | 247.52 ച.മീ | താമസം |
| 4 | 8/443A,B,C | 294.10 ച.മീ | വാണിജ്യം |
| 5 | 5/209A | 195.24 ച.മീ | താമസം |
| 6 | 3/145A,B,C,D | 320.64 ച.മീ | താമസം |

| | | | |
|---|---|---|---|
| 7 | 4/35C,D | 164.24 ച.മീ | താമസം |
| 8 | 5/206A | 223.89 ച.മീ | താമസം |
| 9 | 13/177A,B,C | 35.72 ച.മീ | വാണിജ്യം |
| 10 | 12/65A | 146.17 ച.മീ | താമസം |
| 11 | 15/163A | 558.42 ച.മീ | താമസം |
| 12 | 5/341F | 716.75 ച.മീ | വാണിജ്യം |
| 13 | 14/311A | 177.87 ച.മീ | താമസം |
| 14 | 14/B To I | 495.97 ച.മീ | വാണിജ്യം |
| 15 | 14/17B | 228.58 ച.മീ | താമസം |
| 16 | 14/115B | 254.96 ച.മീ | താമസം |
| 17 | 15/82C | 241.65 ച.മീ | താമസം |
| 18 | 14/17A | 212.03 ച.മീ | താമസം |
| 19 | 2/355B | 170.23 ച.മീ | താമസം |
| 20 | 10/353C | 228.11 ച.മീ | താമസം |
| 21 | 7/442A | 167.75 ച.മീ | താമസം |
| 22 | 10/51B | 264.80 ച.മീ | താമസം |

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/12.07.22 നൽകി. മറുപടിയിൽ ഡിഡിപിയുടെ നിർദ്ദേശ പ്രകാരം വില്ലേജ് ഓഫീസർക്ക് സഞ്ചയയിൽ ലോഗിൻ നൽകിയതിനാൽ വില്ലേജിൽ നിന്നുള്ള ഒറ്റ തവണ കെട്ടിടനികുതിയുടെ വാല്യൂവേഷൻ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചില്ലായെന്നാണ് അറിയിച്ചത്. മുകളിൽ പ്രസ്താവിച്ച ഉത്തരവിൽ കെട്ടിനമ്പർ അനുവദിക്കുന്നതിന് വില്ലേജിൽ നിന്നുള്ള ഒറ്റ തവണ കെട്ടിടനികുതിയുടെ വാല്യൂവേഷൻ സാക്ഷ്യപത്രം ആവശ്യമാണ്. ആയതിനാൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-12 കവറേജ് അധികമായ കെട്ടിടത്തിന് പെർമിറ്റ് നൽകി കെട്ടിടനമ്പർ അനുവദിച്ചു

പെർമിറ്റ് നം.എ3-ബിഎ(292184)/18 തി.19.12.18 പ്രകാരം ശ്രീ.അനിൽകുമാർ, വെട്ടുക്കാട്ടിൽ ഹൗസ്, ചെറുത്തുരുത്തി എന്നവർക്ക് 418.12 ച.മീ വിസ്തൃതിയിലുള്ള സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്ലോട്ട് വിസതീർണ്ണം 401 ച.മീറ്ററാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടത്തിന് നമ്പർ(4/150B To H വരെ) അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കവറേജ് എന്നത് 57.48% ആണ്. കെ.പി.ബി.ആർ 2011 ചട്ടപ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ അനുവദനീയമായ കവറേജ് 55% ആണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/12.7.22 നൽകി. മറുപടിയിൽ അധിക കവറേജ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. കെ.പി.ബി.ആർ 2011 ചട്ടപ്രകാരമാണ് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ അധിക കവറേജുള്ള കെട്ടിടത്തെ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഒക്യുപ്പൻസി മാറ്റാതെ വാണിജ്യ കെട്ടിടത്തിൽ(ഗ്രൂപ്പ് എഫ്) ഓഡിറ്റോറിയം(ഗ്രൂപ്പ് ഡി) പ്രവർത്തിച്ചു വരുന്നു

പെർമിറ്റ് നം.എ2- ബിഎ(215291)/19 തി.1.8.19 പ്രകാരം ശ്രീമതി സുബൈദ, മേച്ചേരിക്കുന്ന് ഹൗസ്, അതിക്കപ്പറമ്പ്, ചെറുത്തുരുത്തി എന്നവർക്ക് 580.88 ച.മീ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ഫയൽ നം.എ3/3728/20 തി.18.6.20 പ്രകാരം കെട്ടിടത്തിന് നമ്പർ (5/341F) നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 716.75 ച.മീ വിസ്തൃതിയിലുള്ള കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. വാണിജ്യ കെട്ടിടത്തിനുള്ള വസ്തുനികുതി നിർണ്ണയിച്ച് 5/341F എന്ന കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ഥല വിസ്തീർണ്ണം 1921 ച.മീറ്ററാണ്. 1 1/7/2022-ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം പരിശോധിച്ചിരുന്നു. ആയതുപ്രകാരം താഴെ പറയുന്ന അപാകതകൾ കാണാൻ സാധിച്ചു.

1. കെട്ടിടത്തിൽ ഓഡിറ്റോറിയമാണ് (സുമംഗലി ഓഡിറ്റോറിയം) പ്രവർത്തിച്ചു വരുന്നത്.
2. കെട്ടിടത്തിന്റെ പുറകിലായി 82.5 ച.മീറ്റർ പാചകപുര, 10.5 ച.മീറ്റർ വരുന്ന ഡ്രസ്സ് മാറ്റുന്ന സ്ഥലം എന്നിവ കാണുന്നു. ആയത് പൂർത്തീകരണ പ്ലാനിൽ കാണുന്നില്ല.

വാണിജ്യാവശ്യത്തിന് പെർമിറ്റ് എടുത്ത് പൂർത്തീകരിച്ച കെട്ടിടം ഓഡിറ്റോറിയം ആവശ്യത്തിനായി ഒക്യുപ്പൻസി മാറ്റുന്നതിന് അപേക്ഷ ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടില്ല. ഒക്യുപ്പൻസി മാറ്റം വരുത്തി നൽകിയിട്ടില്ല.

പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കവറേജ് 37.47% ആണ്. ഗ്രൂപ്പ് ഡി കെട്ടിടങ്ങളുടെ അനുവദനീയമായ കവറേജ് 35% ആണ്. കെട്ടിടത്തിന്റെ പാചകപുര(82.5 ച.മീ), ഡ്രസ്സ് മാറ്റുന്ന സ്ഥലം(10.5 ച.മീറ്റർ) എന്നിവ കൂടി കവറേജ് കണക്കാക്കുന്നതിന് പരിഗണിച്ചാൽ കവറേജ് വീണ്ടും വർദ്ധിക്കും.കെട്ടിടത്തിന്റെ ഒരു സൈഡിലെ വീതി 1.25 മീറ്റർ, 1.35 മീറ്റർ, 2.05 മീറ്റർ എന്നിങ്ങനെയാണ്. ഗ്രൂപ്പ് ഡി കെട്ടിടങ്ങൾക്ക് ശരാശരി 3 മീറ്ററെങ്കിലും സൈഡ് വീതി ആവശ്യമാണ്. ഓഡിറ്റോറിയത്തിന് വേണ്ട കാർ പാർക്കിങ്ങ് എരിയ പ്ലോട്ടിൽ ഇല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/12.7.22 നൽകി. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഒക്യൂപ്പൻസി മാറ്റം വരുത്തുന്നതിന് കെട്ടിടയുടമയ്ക്ക് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അതുപോലെ പാചകപുര, ഡ്രസിങ്ങ് റൂം എന്നിവ കെട്ടിടനമ്പർ നൽകിയതിനു ശേഷം പണിതിട്ടുള്ളതിനാൽ ആയത് ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഒക്യൂപ്പൻസി മാറ്റാതെ ഓഡിറ്റോറിയമായി പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിലെ തുടർപ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകി, ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 District Town Planner-ടെ Lay Out Approval ഇല്ലാതെ ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചു

ഡവലപ്പ്മെന്റ് പെർമിറ്റ് നം.എ3/4510/20 തി.5.11.20 പ്രകാരം ശ്രീമതി.ഷാജിത W/o അബ്ബാസ്, കുറുപ്പത്ത് വളപ്പിൽ ഹൗസ്, പള്ളം, പള്ളിക്കൽ എന്നവരുടെ 57.99 ആർ സ്ഥലം പ്ലോട്ട് ഡിവിഷൻ ചെയ്ത് ലാന്റ് ഡവലപ്പ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. രശീതി നം.1200102064 തീയതി 21.1.20 പ്രകാരം 50,993/-രൂപ ഫീസായി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 0.5 ഹെക്ടറിന് മുകളിലുള്ള Plot Division & Land Development അനുമതിയ്ക്ക് District Town Planner-ടെ Lay Out Approval ആവശ്യമാണ്. എന്നാൽ ഈ അനുമതി ഉള്ളതായി ഫയലിൽ കാണുന്നില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/12.7.22 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ ആയത് നിർത്തലാക്കി, ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതിയിൽ റോഡിന്റെ വീതിയ്ക്ക് അനുസരിച്ച് വർദ്ധനവ് വരുത്തുന്നില്ല

1. പെർമിറ്റ് നം.എ2-ബിഎ(61849)/17 തി.21.7.17 പ്രകാരം സലിം, ആലിക്കപറമ്പിൽ, നെടുംമ്പര എന്നവരുടെ 147.03 ച.മീ വിസ്തൃതിയിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി. ഫയൽ നം.എ3/4766/20 തീയതി 6.8.2020 പ്രകാരം കെട്ടിടത്തിന് 10/353 C എന്ന നമ്പർ നൽകി. പൂർത്തീകരണ പ്ലാൻപ്രകാരം 228.16 ച.മീ വിസ്തൃതിയിലുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാനിൽ കെട്ടിടത്തിന് 8m വീതിയുള്ള റോഡിലേക്ക് (നെടുമ്പര-പന്നിയടി റോഡ്) പ്രവേശനമുള്ളതായി കാണുന്നു. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധവ് (5 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിലേക്ക് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക്) വരുത്തിയില്ല. ആയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/12.7.22 നൽകി.കമ്മിറ്റി തീരുമാനം എടുത്ത് റോഡുകളുടെ വീതി സഞ്ചയയിൽ ഉൾപ്പെടുത്തിയതിനാൽ വർദ്ധനവ് വരുത്താൻ സാധിക്കുന്നില്ലായെന്നാണ് മറുപടി നൽകിയത്. റോഡുകളുടെ വീതി ആസ്തി രജിസ്റ്റർ മുഖേനയോ, നേരിൽ പരിശോധിച്ചോ കൃത്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തനതുവരുമാനത്തിൽ വർഷാവർഷങ്ങളിൽ കുറവു വന്നു കൊണ്ടേയിരിക്കും.ആയതിനാൽ സഞ്ചയയിലെ റോഡുകളുടെ വീതികളിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ ആയത് മാറ്റം വരുത്തേണ്ടതാണ്.ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. മാനേജിങ്ങ് ഡയറക്ടർ, പെപ്കോ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുത്തുരുത്തി എന്നവരുടെ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് താഴെ പറയുന്ന കെട്ടിട നമ്പറുകൾ നൽകിയതായി കാണുന്നു.

| ക്രം | കെട്ടിട നം | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി(രൂപ/ച.മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | 6/233A | 2991.70 ച.മീ | 40/-രൂപ/ച.മീ | 100522/- |
| 2 | 6/222A | 206.35 ച.മീ | 50/-രൂപ/ച.മീ | 9751/- |
| 3 | 6/222B | 149.11 ച.മീ | 50/-രൂപ/ച.മീ | 7046/- |
| 4 | 6/222C | 57.3 ച.മീ | 30/-രൂപ/ച.മീ | 1621/- |
| 5 | 6/222D | 71.13 ച.മീ | 40/-രൂപ/ച.മീ | 2690/- |
| 6 | 6/222E | 93.48 ച.മീ | 30/-രൂപ/ച.മീ | 2551/- |
| 7 | 6/219 | 49.2 ച.മീ | 6/-രൂപ/ച.മീ | 342/- |
| 8 | 6/220 | 289 ച.മീ | 40/-രൂപ/ച.മീ | 9711/- |
| 9 | 6/221 | 258 ച.മീ | 40/-രൂപ/ച.മീ | 10295/- |

| | | | | |
|---|---|---|---|---|
| 10 | 6/222 | 150 ച.മീ | 40/-രൂപ/ച.മീ | 5444/- |
| 11 | 6/228 | 40 ച.മീ | 30/-രൂപ/ച.മീ | 1008/- |
| 12 | 6/223 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 13 | 6/224 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 14 | 6/225 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 15 | 6/226 | 40 ച.മീ | 30/-രൂപ/ച.മീ | 1008/- |
| 16 | 6/227 | 40 ച.മീ | 30/-രൂപ/ച.മീ | 1200/- |
| 17 | 6/232 | 134 ച.മീ | 30/-രൂപ/ച.മീ | 3377/- |
| 18 | 6/231 | 136.18 ച.മീ | 30/-രൂപ/ച.മീ | 3433/- |
| 19 | 6/230 | 57ച.മീ | 30/-രൂപ/ച.മീ | 1437/- |
| 20 | 6/233 | 65ച.മീ | 40/-രൂപ/ച.മീ | 2184/- |
| 21 | 6/229 | 57ച.മീ | 30/-രൂപ/ച.മീ | 1437/- |

ഈ കെട്ടിടങ്ങളിൽ Eco Garden Resort എന്ന പേരുള്ള Resort ആണ് ഇവിടെ പ്രവർത്തിച്ച് വരുന്നത്. മുകളിൽ പ്രസ്താവിച്ച കെട്ടിടങ്ങളുടെ മൊത്തം വിസ്തൃതി 4989.45 ച.മീ ആണ്. 2014-15 സാമ്പത്തിക വർഷത്തിലാണ് ഈ കെട്ടിടത്തിന് നമ്പറുകൾ അനുവദിച്ചിട്ടുള്ളത്. കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധവ് (5 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിലേക്ക് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക്) നൽകിയില്ല. സഞ്ചയയിലെ റോഡ് ലിസ്റ്റ് പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്റർ റോഡില്ലായെന്നാണ് ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം. കെ.പി.ബി.ആർ ചട്ടം 37 പ്രകാരം 1500 ച.മീ മുതൽ 6000 ച.മീ വിസ്തൃതി വരുന്ന ഗണം A2,B,C,D,E,F,G,H,I എന്നി വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് Minimum Access Width 5m ആവശ്യമാണ്. പ്രധാനറോഡിൽ നിന്നും പ്ലോട്ടിലേക്കുള്ള തെരുവിന്റെ വീതിയും, പ്രധാന റോഡിന്റെ വീതിയും 5 മീറ്ററിൽ കുറയാൻ പാടില്ല. കെ.പി.ബി.ആർ ചട്ടങ്ങൾ പാലിച്ച് കെട്ടിടനമ്പർ അനുവദിച്ച കെട്ടിടത്തിലേക്ക് 5 മീറ്റർ വീതിയുള്ള റോഡില്ല എന്ന രീതിയിലാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്. ഇതുമൂലം വസ്തുനികുതി കണക്കാക്കുമ്പോൾ വലിയ കുറവ് സംഭവിക്കുന്നു. ഒരു ഉദാഹരണം പറയുന്നു-ക്രമ നം.1 പ്രകാരം 6/233A എന്ന കെട്ടിടത്തിന്റെ വിസ്തൃതി 2990.17 ച.മീറ്ററാണ്, കെട്ടിടത്തിന് 40രൂപ/ച.മീറ്റർ എന്നനിരക്കിൽ 119606.80/- രൂപയാണ് അടിസ്ഥാന വസ്തുനികുതി. 20% വർദ്ധനവ് 23,921/-രൂപ വരും. 2014-15 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും 23,921/-രൂപയുടെ കുറവ് വരുന്നുണ്ട്. യഥാർത്ഥത്തിൽ ഈ കെട്ടിടത്തിലേക്ക് 5 മീറ്റർ റോഡില്ലെങ്കിൽ (കെ.പി.ബി.ആർ ചട്ടം 37 പാലിക്കുന്നില്ലെങ്കിൽ) ഈ കെട്ടിട നിർമ്മാണം അനധികൃതമാണ്. അല്ലാത്തപക്ഷം ഈ കെട്ടിടത്തിലേക്ക് 5മീറ്റർ റോഡിൽ നിന്നും പ്രവേശനമുണ്ട് എന്ന് അടിസ്ഥാനപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ആയതിന് സഞ്ചയയിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ ആയത് മാറ്റം വരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3. തിലകൻ യു, മാനേജിങ്ങ് ഡയറക്ടർ, റിവർ റിട്രീറ്റ് ,ചെറുത്തുരുത്തി എന്നവരുടെ കെട്ടിടങ്ങൾക്ക് താഴെ പറയുംപ്രകാരം വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി (രൂപ/ച.മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | 3/405A | 328.06 ച.മീ | 40/-രൂപ/ച.മീ | 13091/- |
| 2 | 3/398A | 1051.35 ച.മീ | 30/-രൂപ/ച.മീ | 38086/- |
| 3 | 3/398B | 1124.58 ച.മീ | 30/-രൂപ/ച.മീ | 40739/- |
| 4 | 3/404 | 157ച.മീ | 30/-രൂപ/ച.മീ | 4451/- |
| 5 | 3/394 | 530 ച.മീ | 40/-രൂപ/ച.മീ | 11130/- |
| 6 | 3/405 | 744 ച.മീ | 40/-രൂപ/ച.മീ | 6825/- |
| 7 | 3/403 | 100 ച.മീ | 6/-രൂപ/ച.മീ | 567/- |
| 8 | 3/402 | 482 ച.മീ | 40/-രൂപ/ച.മീ | 6825/- |
| 9 | 3/401 | 697 ച.മീ | 6/-രൂപ/ച.മീ | 3953/- |

| | | | | |
|---|---|---|---|---|
| 10 | 3/399 | 103 ച.മീ | 6/-രൂപ/ച.മീ | 520/- |
| 11 | 3/400 | 815.6 ച.മീ | 6/-രൂപ/ച.മീ | 4368/- |
| 12 | 3/395 | 96.8 ച.മീ | 6/-രൂപ/ച.മീ | 428/- |
| 13 | 3/389C To O | 902.12 ച.മീ | 80/-രൂപ/ച.മീ | 72170/- |

സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം The River Retreat Heritage Ayurvedic Resort എന്ന പേരുള്ള Resort ആണ് ഇവിടെ പ്രവർത്തിച്ച വരുന്നത്. മുകളിൽ പറഞ്ഞിട്ടുള്ള അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർദ്ധനവ്(5മീറ്റർ റോഡിൽ നിന്നും പ്ലോട്ടിലേക്ക് പ്രവേശനം) ഈ കെട്ടിടത്തിന്റെ കാര്യത്തിലും വരുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലാണ് ക്രമ നം.2,3,13 കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്.കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലോട്ടിലേക്ക് 6.5 മീറ്റർ നീളത്തിലുള്ള പഞ്ചായത്ത് റോഡ് ഉള്ളതായി കാണിച്ചിട്ടുണ്ട്. ആയതിനാൽ സഞ്ചയയിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ ആയത് മാറ്റം വരുത്തി ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-16 കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകുന്നു

1. 2020-21 സാമ്പത്തിക വർഷത്തിൽ നമ്പറിട്ട ശ്രീ.നാസർ, വിരളിക്കാട്ടിൽ, ചെറുത്തുരുത്തി എന്നവരുടെ 549.06ച.മീ (പുതിയത് 323ച.മീ, നിലവിലുള്ളത് 226ച.മീറ്ററും) വിസ്തൃതിയുള്ള താമസ കെട്ടിടം (കെട്ടിട നം.3/145B,C,D,E) 11.7.2022-ാം തിയ്യതിയിൽ നടന്ന സ്ഥല പരിശോധനയിൽ സന്ദർശിച്ചു. പെർമിറ്റ് നം.എ3-ബിഎ(27182)/2019 തി.06.12.2019 പ്രകാരമാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. ഫയൽ നം.എ3/sc3/218/2021 തി.12.1.2021 പ്രകാരമാണ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ കെട്ടിത്തിൽ ചട്ടപ്രകാരം സ്ഥാപിക്കേണ്ട മഴവെള്ള സംഭരണ സംവിധാനങ്ങൾ, സൗരോർജ്ജ സംവിധാനം, ബയോഗ്യാസ് പ്ലാന്റ്, വികലാംഗർക്കും വൃദ്ധർക്കും പ്രവേശനത്തിനുള്ള സൗകര്യങ്ങൾ എന്നിവ നിർമ്മിച്ചതായി കാണുന്നില്ല. ചട്ടപ്രകാരം ഏർപ്പെടുത്തേണ്ട സജ്ജീകരണങ്ങൾ ഇല്ലാതെ കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/12.7.22 നൽകിയതിന് മറുപടിയായി സാങ്കേതിക വിഭാഗം ന്യൂനതകൾ റിപ്പോർട്ട് ചെയ്യാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിച്ച നൽകിയെന്നും, ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ കെട്ടിനമ്പർ അനുവദിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2020-21 സാമ്പത്തിക വർഷത്തിൽ നമ്പറിട്ട ശ്രീ. അലി, ചേറുങ്ങാപറമ്പിൽ, താഴപ്ര, വെട്ടിക്കാട്ടിരി എന്നവരുടെ 294.10 ച.മീ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടം (കെട്ടിട നം.8/443A,B,C) 11.7.2022-ാം തിയ്യതിയിൽ നടന്ന സ്ഥല പരിശോധനയിൽ സന്ദർശിച്ചു.പെർമിറ്റ് നം.ബി2-4433/15(35/15-16) തി.22.03.2019 പ്രകാരമാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. അപേക്ഷ നം.എ3/4829/2020 തി.10.08.2020 പ്രകാരമാണ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. ബേസ്മെന്റ് നില പാർക്കിങ്ങിനായാണ് പ്ലാനിൽ കാണുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ ബേസ്മെന്റ് നില മുറി തിരിച്ച് ഷട്ടറിട്ട് വിൽപ്പന സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ചട്ടപ്രകാരം വേണ്ട കാർ പാർക്കിങ്ങ് വിസ്തീർണ്ണം ഇല്ലാതെ കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/12.7.22 നൽകി. ആയതിന് സാങ്കേതിക വിഭാഗം ന്യൂനതകൾ റിപ്പോർട്ട് ചെയ്യാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിച്ച നൽകിയതെന്നും, ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ മതിയായ പാർക്കിങ്ങ് ഏർപ്പെടുത്തുന്നതിന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ കെട്ടിനമ്പർ അനുവദിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കി വരുന്നു

1. മാനേജിങ്ങ് ഡയറക്ടർ, പെപ്കോ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുത്തുരുത്തി എന്നവരുടെ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് താഴെ പറയുന്ന കെട്ടിട നമ്പറുകൾ നൽകിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി(രൂപ/ച.മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | 6/233A | 2991.70 ച.മീ | 40/-രൂപ/ച.മീ | 100522/- |
| 2 | 6/222A | 206.35 ച.മീ | 50/-രൂപ/ച.മീ | 9751/- |
| 3 | 6/222B | 149.11 ച.മീ | 50/-രൂപ/ച.മീ | 7046/- |
| 4 | 6/222C | 57.3 ച.മീ | 30/-രൂപ/ച.മീ | 1621/- |
| 5 | 6/222D | 71.13 ച.മീ | 40/-രൂപ/ച.മീ | 2690/- |

| | | | | |
|---|---|---|---|---|
| 6 | 6/222E | 93.48 ച.മീ | 30/-രൂപ/ച.മീ | 2551/- |
| 7 | 6/219 | 49.2 ച.മീ | 6/-രൂപ/ച.മീ | 342/- |
| 8 | 6/220 | 289 ച.മീ | 40/-രൂപ/ച.മീ | 9711/- |
| 9 | 6/221 | 258 ച.മീ | 40/-രൂപ/ച.മീ | 10295/- |
| 10 | 6/222 | 150 ച.മീ | 40/-രൂപ/ച.മീ | 5444/- |
| 11 | 6/228 | 40 ച.മീ | 30/-രൂപ/ച.മീ | 1008/- |
| 12 | 6/223 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 13 | 6/224 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 14 | 6/225 | 35 ച.മീ | 30/-രൂപ/ച.മീ | 882/- |
| 15 | 6/226 | 40 ച.മീ | 30/-രൂപ/ച.മീ | 1008/- |
| 16 | 6/227 | 40 ച.മീ | 30/-രൂപ/ച.മീ | 1200/- |
| 17 | 6/232 | 134 ച.മീ | 30/-രൂപ/ച.മീ | 3377/- |
| 18 | 6/231 | 136.18 ച.മീ | 30/-രൂപ/ച.മീ | 3433/- |
| 19 | 6/230 | 57ച.മീ | 30/-രൂപ/ച.മീ | 1437/- |
| 20 | 6/233 | 65ച.മീ | 40/-രൂപ/ച.മീ | 2184/- |
| 21 | 6/229 | 57ച.മീ | 30/-രൂപ/ച.മീ | 1437/- |

ഈ കെട്ടിടങ്ങളിൽ Eco Garden Resort എന്ന പേരുള്ള Resort ആണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം റിസോർട്ട് ഉപയോഗക്രമം ഉള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 80/-രൂപ/ച.മീ ആണ്. എന്നാൽ മുകളിൽ പ്രസതാവിച്ച ഒരു കെട്ടിടത്തിനു പോലും 80/-രൂപ/ച.മീ എന്ന നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ കെട്ടിടം റിസോർട്ടായി പ്രവർത്തിക്കുന്നതിന് ഒക്യൂപ്പൻസിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/12.7.22 നൽകി. ഈ കെട്ടിടങ്ങളിൽ റിസോർട്ടാണ് പ്രവർത്തിച്ചു വരുന്നതെന്നും, ഒക്യൂപ്പൻസി മാറ്റുന്നതിന് ഉടമസ്ഥന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. ആയതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ സ്റ്റോപ്പ് മെമ്മോ കൊടുത്ത് നിർത്തി വച്ച്,കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. തിലകൻ യു, മാനേജിങ്ങ് ഡയറക്ടർ, റിവർ റിട്രീറ്റ് ,ചെറുത്തുരുത്തി എന്നവരുടെ കെട്ടിടങ്ങൾക്ക് താഴെ പറയുംപ്രകാരം വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി(രൂപ/ച.മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | 3/405A | 328.06 ച.മീ | 40/-രൂപ/ച.മീ | 13091/- |
| 2 | 3/398A | 1051.35 ച.മീ | 30/-രൂപ/ച.മീ | 38086/- |
| 3 | 3/398B | 1124.58 ച.മീ | 30/-രൂപ/ച.മീ | 40739/- |
| 4 | 3/404 | 157ച.മീ | 30/-രൂപ/ച.മീ | 4451/- |
| 5 | 3/394 | 530 ച.മീ | 40/-രൂപ/ച.മീ | 11130/- |
| 6 | 3/405 | 744 ച.മീ | 40/-രൂപ/ച.മീ | 6825/- |
| 7 | 3/403 | 100 ച.മീ | 6/-രൂപ/ച.മീ | 567/- |
| 8 | 3/402 | 482 ച.മീ | 40/-രൂപ/ച.മീ | 6825/- |
| 9 | 3/401 | 697 ച.മീ | 6/-രൂപ/ച.മീ | 3953/- |
| 10 | 3/399 | 103 ച.മീ | 6/-രൂപ/ച.മീ | 520/- |
| 11 | 3/400 | 815.6 ച.മീ | 6/-രൂപ/ച.മീ | 4368/- |
| 12 | 3/395 | 96.8 ച.മീ | 6/-രൂപ/ച.മീ | 428/- |

സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം The River Retreat Heritage Ayurvedic Resort എന്ന പേരുള്ള Resort ആണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. പാരാമെഡിക്കൽ രജിസ്റ്റർ പ്രകാരം ഹോളി ബേസിൽ ആയുർവ്വേദ റിസോർട്ട് എന്ന പേരിൽ പാരാമെഡിക്കൽ ലൈസൻസ് എടുക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം റിസോർട്ട് ഉപയോഗക്രമം ഉള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 80/-രൂപ/ച.മീ ആണ്. ആയുർവ്വേദ സുഖ ചികിത്സ ഉപയോഗക്രമം ഉള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 150/-രൂപ/ച.മീ ആണ്. എന്നാൽ

മുകളിൽ പ്രസതാവിച്ച ഒരു കെട്ടിടത്തിനു പോലും റിസോർട്ട്, ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രം എന്നി ഉപയോഗക്രമമുള്ള വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല.മുകളിൽ പറഞ്ഞ കെട്ടിടങ്ങൾ റിസോർട്ടായി പ്രവർത്തിക്കുന്നതിന് ഒക്യുപ്പൻസിയിൽ മാറ്റം വരുത്തി നൽകിയിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/12.7.22 നൽകി. ക്രമ നം 2,3 ഒഴികെയുള്ള കെട്ടിടങ്ങൾ 2013-14 കാലഘട്ടങ്ങളിൽ നമ്പർ അനുവദിച്ചതാണെന്നും, ക്രമ നം 2,3 (കെട്ടിടനം.3/398A,3/398B) കൺവെൻഷൻ സെന്ററായാണ് പ്രവർത്തിക്കുന്നതെന്നും മറുപടി നൽകി. പാരാമെഡിക്കൽ രജിസ്റ്റർ പ്രകാരം ഹോളി ബേസിൽ ആയുർവ്വേദ റിസോർട്ട് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഒക്യുപ്പൻസിയിൽ മാറ്റം വരുത്തുന്നതിന് ഉടമസ്ഥന് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ക്രമ നം 9 മുതൽ 12 വരെയുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള അടിസ്ഥാന വസ്തുനികുതിയുടെ നിരക്ക് നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഈ കെട്ടിങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയറിലെ ഫോം 6 പ്രകാരം ഉപയോഗക്രമം പാർപ്പിടാവശ്യമാണ്. ആയതിനാൽ മുകളിൽ പ്രസ്താവിച്ച കെട്ടിങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് കെട്ടിടങ്ങളുടെ ഉപയോഗക്രമം റിസോർട്ടാണെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തിൽ നടക്കുന്ന സിവിൽ രജിസ്ട്രേഷനുകളുടെ ഫീ അക്കൗണ്ടിൽ വരുന്നില്ല

ഗ്രാമപഞ്ചായത്തിൽ ILGMS നിലവിൽ വന്നതിനു ശേഷം Online ആയി നടന്നിട്ടുള്ള സിവിൽ രജിസ്ട്രേഷനുകളുടെ ഫീ പഞ്ചായത്ത് അക്കൗണ്ടിൽ വരുന്നില്ല. 31.3.2022-ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 42,132/-രൂപ സിവിൽ രജിസ്ട്രേഷനുകളുടെ ഫീ ഇനത്തിൽ അക്കൗണ്ടിലേക്ക് വരവായി ലഭിക്കേണ്ടതായിട്ടുണ്ട്. ILGMS നടപ്പാക്കി രണ്ടു വർഷത്തോളമായിട്ടും ഈ അപാകത പരിഹരിക്കാനായിട്ടില്ല എന്നത് ശരിയായ നടപടിയല്ല. സോഫ്റ്റ് വെയർ സപ്പോർട്ട് ടീം, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-19 ദുരിതാശ്വാസനിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസനിധി കാഷ് ബുക്ക് പ്രകാരം 31.3.2022-ൽ 26373 രൂപ നീക്കിയിരിപ്പുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പണി നടത്തിപ്പിലേയും രേഖകൾ സൂക്ഷിക്കുന്നതിലേയും അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പി.ഡബ്ള്യു.ഡി-ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ള്യു.ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ

പി.ഡബ്ള്യൂ.ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ത.സ്വ.ഭ.വ.-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012-ലെ പി.ഡബ്ള്യൂ.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

3) പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

4) അസി.എഞ്ചിനീയർ ടി ആർ 7 എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ജി.ഒ.(പി)നമ്പർ 177/2006/ഫിൻ തീയതി 12.4.2006 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7A ഫോർമാറ്റിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾക്ക് മാത്രമായി അനക്സർ B-IV ഫോർമാറ്റിലുള്ള സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/8.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ജി എൽ പി എസ് ക്ലാസ്സ് റൂം നിർമ്മാണം - രേഖകൾ ലഭ്യമാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജി.എൽ.പി.സ് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | 188/21 | 138/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ജി.എൽ.പി.എസ് പുതിയ ക്ലാസ്സ് റൂം നിർമ്മാണം (SO) | ജി.എൽ.പി.എസ് കെട്ടിടം പൂർത്തീകരണം |
| അടങ്കൽ - ധനകാര്യ കമ്മീഷൻ<br>തനത് ഫണ്ട്<br>റോഡിതരം | 700000<br>285000<br>300000 | 434606 (ധനകാര്യ കമ്മീഷൻ<br>65394 (തനത് ഫണ്ട്) |
| ചെലവ് | 1285000 | 481258/- |
| ട്രഷറി ബിൽ നമ്പർ | 13/12.11.2020 – 699632<br>26/12.1.2021 – 368<br>27/14.1.2021 – 300000<br>Cheque No. 822232/3.2.21 (SBT)- 285000 (Vr.No.22000467/3.2.21) | 35/15.5.2020 – 247994/-<br>33/6.3.2021 – 186612/-<br>Cheque No. 822232/3.2.21 (SBT) - 46652/- (Vr.No.22000468/3.2.21) |

| | | |
|---|---|---|
| നിർവ്വഹണം | സി എസ് വൽസല, കൺവീനർ | സി.എസ് വൽസല, കൺവീനർ |
| എം.ബുക്ക് നമ്പർ | 60/19-20 | 59/2019-20 |
| എഗ്രിമെന്റ് നമ്പർ/തീയതി | 50/AE/LSGD/VNGP/19-20 Dt.21.11.2019 | 48/AE/LSGD/VNGP/19-20 Dt.21.11.2019 |

സ്കൂൾ പി.ടി.എ പ്രസിഡന്റ് ചെയർമാനം ഹെഡ്മിസ്ട്രസ്സ് കൺവീനറുമായി ഗുണഭോക്തൃ സമിതിയെയാണ് മേൽ പ്രവ്യത്തികൾ ഏല്പിച്ചത്. ഗുണഭോക്തൃ സമിതി പ്രസിഡന്റ്, കൺവീനർ എന്നിവർ ഒപ്പിട്ട മേൽപറഞ്ഞ എഗ്രിമെന്റ് പ്രകാരമുള്ള താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

1. പ്രവൃത്തിയുടെ വരവ് ചെലവ് കണക്ക് കാണിക്കുന്ന കണക്ക് പുസ്തകം.

2. പ്രവൃത്തി നടത്തുന്നതിന് ഉപയോഗപ്പെടുത്തിയ തൊഴിലാളികൾക്ക് നൽകിയ കൂലിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ മസ്റ്റർ റോൾ.

3. ആഴ്ചയിലൊരിക്കൽ നിർബന്ധമായും ചേരേണ്ട നിർവ്വഹണ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് ബുക്ക്.

4. പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച തുകയുടെ വൗച്ചറുകൾ, ക്യാഷ് ബില്ലുകൾ എന്നിവ.

5. നിർവ്വഹണകമ്മിറ്റി കൺവീനറുടേയും ചെയർമാന്റേയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക്, പ്രസ്തുത അക്കൗണ്ടിന്റെ ആവശ്യത്തിലേക്ക് അനുവദിച്ച ചെക്ക്ബുക്കിന്റെ കൗണ്ടർ ഫോയിൽ.

6. സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ.

7. കെട്ടിടത്തിന്റെ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

8. ഗുണഭോക്തൃസമിതിക്ക് പ്രവൃത്തി ആരംഭിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കാവുന്നതാണ്. എന്നാൽ ഈ പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

9. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, നികുതികൾ എന്നിവ കുറയ്ക്കാതെ പഞ്ചായത്ത് തുക അടവാക്കുകാണ് ചെയ്യേണ്ടത്. എന്നാൽ മേൽപറഞ്ഞ പ്രവൃത്തികളിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയതായി കാണുന്നു. അതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാനും അപാകതകൾക്ക് വിശദീകരണം നൽകുവാനും ഓഡിറ്റ് അന്വേഷണം നമ്പർ 4/13.7.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ മേൽപറഞ്ഞ പ്രകാരം ചെലവഴിച്ച 1766258 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ – 177/21 – കുളമ്പ് റോഡ് സൈഡ് കെട്ടി കോൺക്രീറ്റിങ്ങ് അടങ്കൽ – | 18.11.2019 | 17.3.2020 | 22.5.2020 | 3429 (1%) |

| | | | | | | |
|---|---|---|---|---|---|---|
| | 385000/-<br>കരാർ തുക – 342909/-<br>കരാറുകാരൻ - കെ പി അയൂബ്<br>എഗ്രിമെന്റ് നം.34/AE /LSGD/VNGP /19-20 തീയതി 18.11.2019<br>അളവു പുസ്തകം- 225/19-20<br>ട്രഷറി ബിൽ നമ്പർ - 15/12.11.2020<br>ചെലവ് തുക – 384945/-<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 4മാസം) | | | | | |
| 2 | പ്രോജക്ട് നമ്പർ - 187/21 – തോപ്പിൽ പരിസരം തോട് സംരക്ഷണം<br>അടങ്കൽ - 200000/-<br>കരാർ തുക – 178136/-<br>കരാറുകാരൻ - പി എം ഹംസ<br>എഗ്രിമെന്റ് നം.4/AE /LSGD/VNGP /19-20 തീയതി 8.11.2019<br>അളവു പുസ്തകം- 231/19-20<br>ചെക്ക് നമ്പർ - 822236/18.2.21 (എസ്.ബി.ഐ)<br>ചെലവ് തുക – 193975/- | 8.11.2019 | 7.3.2020 | 22.5.2020 | 5344 (3%) | |

| | | | | | |
|---|---|---|---|---|---|
| | (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 4മാസം) | | | | |
| | ആകെ | | | | 8773 |

പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.7.2022, 9/12.7.22 എന്നിവ പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ പ്രകാരം 8773 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-23 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1 | 183/21 – താഴപ്ര ഫോറസ്റ്റ് കുട്ടംകളം റോഡ് | ഖാലിദ് അബ്ദുൾ സലീം | 187/19-20 | 3/12.8.2020 | 875000 | 38.37 | 10782 |
| 2 | 184/21 – കാരഞ്ചേരി റോഡ് റീടാറിങ്ങ് | ഖാലിദ് അബ്ദുൾ സലീം | 177/19-20 | 4/12.8.20 | 746648 | 40.74 | 11448 |
| 3 | 176/21 – ചെറുതുരുത്തിഹൈസ്കൂൾ - ജിഎൽപിഎസ് റോഡ് ടാറിങ്ങ് | ഖാലിദ് അബ്ദുൾ സലീം | 188/19-20 | 5/12.8.20 | 699339 | 32.69 | 9186 |
| 4 | 182/21 – അത്തിക്കപ്പറമ്പ് പള്ളി പുറക് വശം റോഡ് | ജയൻ വി.പി | 139/19-20 | 6/12.8.20 | 589019 | 29.14 | 8188 |
| 5 | 175/21 – മുല്ലക്കപ്പറമ്പ് റോഡ് റീ ടാറിങ്ങ് | ജയൻ വി.പി | 138/19-20 | 7/12.8.20 | 581803 | 24.9 | 6997 |
| 6 | 134/21 – ഉഴിച്ചിൽ വൈദ്യർപടി റോഡ് | സുബൈർ എസ്.വൈ | 149/19-20 | 10/12.8.20 | 301898 | 8.17 | 2296 |
| 7 | 123/21 – പുതുശ്ശേരി സ്കൂളിന് പിൻവശം റോഡ് | സുബൈർ എസ്.വൈ | 165/19-20 | 11/12.8.20 | 376812 | 15 | 4215 |
| 8 | 198/21 – പള്ളിക്കൽ കനാൽ റോഡ് നവീകരണം | പി.എം ഹംസ | 155/19-20 | 22/31.12.20 | 128235<br>44999 | 8.71 | 2448 |
| 9 | 143/21 – കോലഞ്ചേരി റോഡ് | എം.ഐ സാദത്ത് | 184/19-20 | 23/12.1.21 | 350000 | 11.73 | 3296 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | 142/21 – പണിക്കർപടി റോഡ് & കൾവർട്ട് | എം.ഐ ഷാജഹാൻ | 168/19-20 | 24/12.1.21 | 449794 | 14.59 | 4100 |
| 11 | 53/21 – മുണ്ടനാട്ട് റോഡ് നവീകരണം വാർഡ്4 | പി.എം വീരാൻകുട്ടി | 162/19-20 | 27/3.2.21 | 149901 | 7.42 | 2085 |
| 12 | 74/21 – ബൈബിൾ കോമ്പൌണ്ട് റോഡ് വാർഡ് 14 | പി.എം വീരാൻകുട്ടി | 171/19-20 | 28/3.2.21 | 538356 | 19.7 | 5536 |
| 13 | 56/21 – ഒസ്സാംകുന്ന് റോഡ് വാർഡ് 4 | പി.എം വീരാൻകുട്ടി | 158/19-20 | 29/9.2.21 | 606983 | 20.25 | 5690 |
| 14 | 97/21 – പാഞ്ഞാൾ റോഡ് നവീകരണം | പി.എം വീരാൻകുട്ടി | 170/2019-20 | 31/12.2.21 | 349583 | 9.41 | 2644 |
| 15 | 85/21 – അത്തിക്കപ്പറമ്പ് തോപ്പിൽ റോഡ് | ഫൈസി എം.എം | 212/18-19 | 37/24.3.21 | 560000 | 13.21 | 3712 |
| 16 | 204/21 – കിളിയനിക്കടവ് ഒന്നാം മൈൽ കനാൽ റോഡ് ടാറിങ്ങ് | പി.എം ഹംസ | 210/19-20 | 40/31.3.21 | 320242 | 8.22 | 2310 |
| 17 | 146/21 – കോഴിമാംപറമ്പ് ക്ഷേത്രത്തിലേക്കുള്ള റോഡ് | ഖാലിദ് അബ്ദുൾ സലിം | 143/19-20 | 24/22.4.20 | 299263 | 14.37 | 4038 |
| 18 | 120/21 – പതിനഞ്ചാം പാലം റോഡ് റീടാറിങ്ങ് | എം.കെ സലാം | 144/19-20 | 25/21.4.20 | 449668 | 12.92 | 3631 |
| 19 | 136/21 – ഇരട്ടക്കുളം കോളനി റോഡ് | ജയൻ വി.പി | 145/19-20 | 22/22.4.20 | 409028 | 12.6 | 3541 |
| 20 | 121/21 – വിളക്കത്തറ റോഡ് റീടാറിങ്ങ് | എം.എം അബ്ദുള്ളക്കുട്ടി | 183/19-20 | 53/294.20 | 129794 | 5.42 | 1523 |
| 21 | 125/21 – മാർക്കറ്റ് പനമന റോഡ് | ഖാലിദ് അബ്ദുൾ സലിം | 141/19-20, 45/19-20 | 32/22.4.20 | 468733 | 14.7 | 4131 |
| 22 | 119/21 – പുതുശ്ശേരി മനപ്പടി സബ് റോഡ് റീടാറിങ്ങ് | സുബൈർ എസ്.വൈ | 190/19-20 | 50/21.4.20 | 359157 | 19.65 | 5522 |
| 23 | 145/21 - കാഞ്ഞിരക്കുറ്റിപ്പറമ്പ് കോളനി സബ് റോഡ് | പി.എം ഹംസ | 137/19-20 | 43/22.1.20 | 398871 | 19.95 | 5606 |
| 24 | 126/21 – പഴയ കലാമണ്ഡലം റോഡ് റീടാറിങ്ങ് | ഖാലിദ് അബ്ദുൾ സലിം | 294/18 | 33/22.4.20 | 280933 | 14.46 | 4063 |
| 25 | 149/21 – ശ്രുപ്പക്കുട്ടി മേനോൻ റോഡ് | എം.ഐ ഷാജഹാൻ | 186/19-20 | 37/21.4.20 | 220000 | 12.91 | 3628 |
| 26 | 141/21 – കൈപ്പഞ്ചേരി എസ്.സി കോളനി റോഡ് റീടാറിങ്ങ് | ഖാലിദ് അബ്ദുൾ സലിം | 147/19-20 | 34/22.4.20 | 298467 | 10.49 | 2948 |

| | | | | | | | |
|---|---|---|---|---|---|---|---|
| 27 | 122/21 – ദാമോദരൻ മാസ്റ്റർ പടി റോഡ് | എം.എം അബ്ദുള്ളക്കുട്ടി | 169/19-20 | 52/22.4.20 | 330356 | 12.49 | 3510 |
| 28 | 147/21 – നമ്പുള്ളിപറമ്പ് റോഡ് | എം.ഐ ഷാജഹാൻ | 167/19-20 | 8/12.8.20 | 298158 | 16.04 | 4507 |
| 29 | 117/21 – ശിവപുരം റോഡ് റീടാറിങ്ങ് | സുബൈർ എസ്.വൈ | 163/19-20 | 21.4.20 | 144745 | 7.82 | 2197 |
| | ആകെ | | | | | | 133778 |

മുകളിൽ പറഞ്ഞതു പ്രകാരം ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/12.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കാലി ബാരൽ വില ഇനത്തിൽ 133778 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-24 ബാങ്ക് അക്കൌണ്ട് - ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

അസി.എഞ്ചിനീയറുടെ പേരിൽ കേരള ബാങ്ക് വള്ളത്തോൾ നഗർ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 80001040402 പ്രകാരമുള്ള എസ്.ബി അക്കൗണ്ട് 8.7.2022 തീയതിയിൽ ക്ലോസ് ചെയ്തിട്ടുണ്ട്. ടി അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന 128185 രൂപ നിലവിൽ ഏത് അക്കൗണ്ടിലേക്കാണ് മാറ്റിയത് എന്നും ടി തുക ആർക്ക് നൽകാനുള്ളതാണ് എന്നും അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 11/12.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പിൻവലിച്ച തുകയുടെ വിശദാംശങ്ങളും ടി തുകയുടെ വിനിയോഗവിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നം./പേര്: 19/21 പെയിൻ & പാലിയേറ്റീവ്

ചെലവ് : 2,00,000/-

വൗച്ചർ നം./തിയതി: 22000901/06.01.2021 (വികസന ഫണ്ട് ജനറൽ)

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിലേക്കായി 2,00,000/-രൂപ പ്രഫോർമ ഇൻവോയ്സ് നമ്പർ PRF3286/06.11.2020 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

ആയതിൽ നാളിതുവരെ 1,66,561/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി 33,439/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.3/07.07.2022)

## 1-26 ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് ചെറുതുരുത്തി നടപ്പിലാക്കിയ പ്രോജക്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ -ചെലവു രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.253/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ സ്പിൽ ഓവർ (വികസന ഫണ്ട്- SCP)
ചെലവ് -വൗച്ചർ നം.22000912/19.11.20 തുക – 62,700/-
ചെലവ് -വൗച്ചർ നം.22000808/27.03.21 തുക – 44,850/-
മേൽ പ്രോജക്ട് പ്രകാരം പാലക്കാട്, സംസം ഇൻഡസ്ട്രീസിൽ നിന്നും ബിൽ നം. 127/19.03.21 ₹44,850/-യ്ക്ക് 30 കസേരയും,പെരുമ്പാവൂർ കീർത്തി മാർക്കറ്റിംഗിൽ നിന്നും ബിൽ നം. സി.129/19.10.20 ₹62,700/-യ്ക്ക് 30 മേശയും വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം, വിദ്യാർത്ഥികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1,07,550 തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.1/05.07.2022)

## 1-27 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിന്റെ പൂർത്തീകരണ/വിനിയോഗ

സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | ഫണ്ട് | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക |
|---|---|---|---|---|---|
| 1 | 4/21 IKM വിഹിതം നല്കൽ | പൊ.വി.സാ.വി. | IKM | 22000231/ 20.05.2020 | 89140 |

മേൽ പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാർക്ക് ഒരേ സാമ്പത്തികവർഷത്തിൽ 2 പ്രാവശ്യം ലീവ് സറണ്ടർ അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാർക്ക് താഴെ പറയുംപ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 2 പ്രാവശ്യം ആർജിതാവധി സറണ്ടർ അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | വൗച്ചർ നമ്പർ/തീയതി | തുക | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|---|---|
| 1 | ഷഫീക്ക് എം.എസ്., അസി.എഞ്ചിനീയർ | 22000059/13.4.2020 | 8025 | 22000693/15.3.2021 | 13108 |
| 2 | അനീഷ് ടി.ആർ., ഓവർസിയർ | - ടി - | 9897 | 22000694/15.3.2021 | 6811 |
| 3 | ഷീല എം., ഓവർസിയർ | - ടി - | 5939 | 22000695/15.3.2021 | 12020 |
| 4 | ഷമീറ എ.എം., ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - ടി - | 9897 | 22000696/15.3.2021 | 12020 |
| 5 | ശരണ്യ പി.എസ്., ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - ടി - | 9897 | 22000697/15.3.2021 | 12020 |
| 6 | വിജില ടി.വി., ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - ടി - | 5939 | 22000698/15.3.2021 | 3205 |
| | ആകെ | | 49594 | | 59184 |

സർക്കാർ ഉത്തരവ് ജി.ഒ (പി)3000/98/ഫിൻ തീയതി 25.11.1998 ഖണ്ഡിക 34(a) പ്രകാരം കോൺട്രാക്ട്, പാർട് ടൈം ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും ഒരു സാമ്പത്തികവർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ ആർജിതാവധി സറണ്ടർ അനുവദിക്കാവൂ. ഒന്നിലധികം തവണ ലീവ് സറണ്ടർ അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/13.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി കോവിഡ് ലോക്ക്ഡൗൺ കാരണം 2019-20 വർഷത്തെ ലീവ് സറണ്ടർ 2020 മാർച്ച് മാസം നൽകാൻ കഴിയാത്തതിനാലാണ് 2020 ഏപ്രിൽ മാസത്തിൽ നൽകിയത് എന്നും 2020-21 വർഷത്തെ ലീവ് സറണ്ടറാണ് 2021 മാർച്ച മാസത്തിൽ നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ ആർജിതാവധി സറണ്ടർ ചെയ്യാവൂ എന്നതിനാൽ ഈ നടപടി ക്രമപ്രകാരമല്ല എന്ന് കാണുന്നു. ഇപ്രകാരം ലീവ് സറണ്ടർ അനുവദിച്ചതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്. അനുമതി ലഭ്യമാക്കുന്നതുവരെ 2020-21 സാമ്പത്തിക വർഷത്തിൽ രണ്ടാമത് പ്രാവശ്യം സറണ്ടർ ചെയ്ത 59184 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 167636 | വെമുന റോഡ് റീടാറിങ്ങ് | -- | 167636 |
| | | 50000 | ആശ്രയ | -- | 50000 |
| | | | ആകെ | | 217636 |
| ജില്ലാ പഞ്ചായത്ത് | വിവരം ലഭ്യമല്ല | 100000 | പകൽവീട് | -- | 100000 |
| | | | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 192945 | 5752 |
| | | | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | -- | 150067 |
| | | | ആകെ | | 255819 |

വാർഷിക കണക്ക് പ്രകാരം 2020-21-ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 400000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 1090050/- രൂപയും ഈയിനത്തിൽ വരവുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. നിലവിൽ സംയുക്ത പ്രോജക്ടിനെ സംബന്ധിച്ച് വാർഷിക കണക്കും സ്ഥാപനം ലഭ്യമാക്കിയ കണക്കും പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വിവരങ്ങൾ ലഭ്യമാക്കിയില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | സ.ഉ.നം. (സാധാ)68/2018/ | 3,85,00000 | 3933057 | 32522826 | 2033217 | -- | 34422666 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | ത.സ്വ.ഭ.വ തീയതി.16/03/2018 | | | | | |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10010 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 2004-05 | 2010-11 | 5.6.5 | സമാഹരണ മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല പുതുശ്ശേരി ശ്മശാനത്തിൽ ചൂള നിർമ്മാണം,കോസ്റ്റ് ഫോർഡ്,തൃശ്ശൂർ(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അംഗൻവാടി കെട്ടിട നിർമ്മാണം-കെ നന്ദകുമാർ, കണ്ടംകുമരത്ത്, ചെറുതുരുത്തി(98-99 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | കല്ലേകുണ്ട് വാട്ടർ സപ്ലൈ സ്കീം-ശിവദാസൻ, തെക്കേതൊടിയിൽ, ചെറുതുരുത്തി(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | ഇരട്ടകുളം വാട്ടർ സപ്ലൈ സ്കീം-നാരായണൻ, കുന്നത്ത്, ചെറുതുരുത്തി,(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | മുല്ലക്കപറമ്പ് വാട്ടർ സപ്ലൈ, തിരുവല്ലത്ത്, ചെറുതുരുത്തി, (99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | വെട്ടിക്കാട്ടിരി ലക്ഷം വീട് കോളനി വാട്ടർ സപ്ലൈ-മൊയ്തുണ്ണി, മന്തിയിൽ, വെട്ടിക്കാട്ടിരി(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | ചെറുതുരുത്തി ഹൈസ്കൂൾ-ടി-, കെ വി കമറുദ്ദീൻ മാസ്റ്റർ, ജി എച്ച് എസ് എസ്, ചെറുതുരുത്തി(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 2004-05 | 2010-11 | 5.6.5 | പള്ളിക്കൽ കടവത്തൊടി റോഡ്-കെ ആർ വാസുദേവൻ, കടവത്തൊടി, പള്ളിക്കൽ(97-98) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | പള്ളം ഭാരതപ്പുഴ കടവു റോഡ്-(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,93,37,295.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,66,38,600.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 142551 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,32,992 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 8773 | അജയകുമാർ പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 133778 | അജയകുമാർ പി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 142551 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 17,66,258 | അജയകുമാർ പി കെ, അസി.എഞ്ചിനീയർ |
| 1-26 | 1,07,550 | സി.എസ്. വത്സല, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. ചെറുതുരുത്തി |
| 1-28 | 59,184 | ജമീല.എം.എം., അസി. സെക്രട്ടറി, സെക്രട്ടറി(ഇൻ-ചാർജ്ജ്) |
| ആകെ | 1932992 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജയകുമാർ പി.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | പള്ളത്തേരി ഹൌസ്, മറ്റത്തൂർകുന്ന്, തൃശ്ശൂർ 680684 |
| സി.എസ്. വത്സല, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. | സർവ്വീസിൽ നിന്നും വിരമിച്ചു | പണ്ടാരപറമ്പിൽ വീട്, പട്ടിക്കാട്, പള്ളിക്കണ്ടം, തൃശ്ശൂർ |

| | | |
|---|---|---|
| ചെറുതുരുത്തി | | |
| ജമീല.എം.എം., അസി. സെക്രട്ടറി, സെക്രട്ടറി(ഇൻ-ചാർജ്ജ്) | അസി. സെക്രട്ടറി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | മുല്ലയ്ക്കൽ വീട്, പഞ്ഞാൾ(പി.ഓ), തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 |
| 71-72 | എൽ.എഫ്.ടി.1-2087/74/ 02.07.74 | 5 |
| 73-74 | എൽ.എഫ്.ടി.1- 5829/75/ 23.12.75 | 2 |
| 74-75 | എൽ.എഫ്.ടി.10-47/87/2/2/87 | 10 |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/ 27.10.11/13.01.12 | 2 |
| 83-84 | | 2 |
| 84-85 | | 1 |
| 85-86 | | 5 |
| 86-87,87-88 | | 10 |
| 88-89,89-90 | | 9 |
| 90-91 | | 3 |
| 91-92 | | 9 |
| 92-93, 93-94 | | 11 |
| 94-95 | | 19 |
| 95-96 | | 3 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.2000 | |
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.10- 1024/03/ 03-10-03/08-09-04 | |
| 99-2000 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | |
| 2000-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | |
| 2000-01 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | |
| 2002-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | |
| 2003-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | |
| 2004-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | |
| 2005-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | |
| 2006-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | |
| 2007-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | |
| 2008-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | |
| 2009-10 & 2010-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | |
| 2012-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി-4)770/15, 12-10-2015/ 21-10-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി-4)1000/16/24-06-2016 | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1893/16/5.11.16 | |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1233/17/7.8.17 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)-711/19, തീ.22.5.19 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)-1773./19, തീ.05/03/20 | |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ.-പി-16-926/2022 തീയതി 23.6.2022 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്